# ഭൈഷജ്യരത്നാവലിക്ക് ഒരാമുഖം

ഡോ. ജെറോം വി. കുര്യൻ

ഭൈഷജ്യയോഗങ്ങളാകുന്ന രത്നങ്ങൾ കോർത്തിണക്കിയ ആവലി-മാല-യാണ് ഭൈഷജ്യരത്നാവലി. രസൗഷധയോഗങ്ങൾക്ക് പ്രാധാന്യം നൽകിയിട്ടുള്ള ഒരു ഔഷധ യോഗസമാഹാരഗ്രന്ഥമാണ് ഭൈഷജ്യരത്നാവലി. പതിനെട്ടാം നൂറ്റാണ്ടിൽ വംഗദേശത്ത് (ബംഗാൾ) ജീവിച്ചിരുന്ന ഗോവിന്ദ ദാസൻ എന്ന വൈദ്യ പണ്ഡിതനാണ് ഈ ഗ്രന്ഥത്തിന്റെ രചയിതാവ് എന്നു വിശ്വസിക്കപ്പെടുന്നു.

## ഗ്രന്ഥത്തെപ്പറ്റിയുള്ള സാമാന്യവിവരങ്ങൾ

യഥാർത്ഥത്തിൽ ഇന്നു പ്രചാരത്തിലുള്ള ഭൈഷജ്യരത്നാവലിയിൽ ഗോവിന്ദദാസന്റെ സംഭാവന വളരെക്കുറച്ചുമാത്രമേയുള്ളൂ. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനദശകങ്ങളിലും ഇരുപതാം നൂറ്റാണ്ടിലും ഉണ്ടായ കൂട്ടിച്ചേർക്കലുകളാൽ വളരെയേറെ സ്ഥൂലീകരിക്കപ്പെട്ട ഭൈഷജ്യരത്നാവലിയാണ് ഇന്നു നമുക്കു ലഭിച്ചു വരുന്നത്.

1893-ൽ കൽക്കത്തയിൽ നിന്നാണ് ഭൈഷജ്യരത്നാവലി ആദ്യമായി പ്രസിദ്ധീകരിക്കപ്പെട്ടത്. (ഈ പതിപ്പിന്റെ പുനർമുദ്രണം ഇപ്പോൾ ലഭ്യമാണ്.) ഈ ആദ്യപതിപ്പിന്റെ സമ്പാദനവും വ്യാഖ്യാനവും നിർവഹിച്ച കവിരാജ് വിനോദ് ലാൽസെൻ ആമുഖശ്ലോകങ്ങളിൽത്തന്നെ ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ട്[1]. ഗോവിന്ദദാസനാൽ രചിക്കപ്പെട്ട ഭൈഷജ്യരത്നാവലി വളരെ ചെറുതായതിനാൽ ചരകസുശ്രുതാദി പൂർവ്വാചാര്യന്മാരുടെ ഗ്രന്ഥങ്ങളിൽ നിന്നുള്ളവയും, വൃദ്ധവൈദ്യന്മാരുടെയും ഗുരുക്കന്മാരുടെയും അനുഭവങ്ങളിൽ ഫലപ്രദമെന്ന് അറിയാൻ കഴിഞ്ഞവയും, സ്വയം നിർമ്മിച്ച് ഫലപ്രദമെന്നു ബോദ്ധ്യപ്പെട്ടവയുമായ ഔഷധപ്രയോഗങ്ങൾ ഉൾപ്പെടുത്തി വിപുലീകരിച്ച ഗ്രന്ഥത്തിനാണ് അദ്ദേഹം തന്നെ വ്യാഖ്യാനമെഴുതി പ്രസിദ്ധീകരിക്കുന്നതെന്ന് വിനോദ്ലാൽ സെൻ വ്യക്തമാക്കിയിരിക്കുന്നു.

ഭൈഷജ്യരത്നാവലിയുടെ പാണ്ഡുലിപി കൽക്കത്തയിലെ റോയൽ ഏഷ്യാറ്റിക് സൊസൈറ്റിയുടെ ശേഖരത്തിൽ ഉണ്ടായിരുന്നതിനെ അവലംബിച്ചാണ് വിനോദ് ലാൽസെൻ പ്രതിസംസ്കരണം നിർവഹിച്ചത് എന്ന് അദ്ദേഹത്തിന്റെ കൃതിയായ ആയുർവേദ വിജ്ഞാനത്തിന്റെ (1887) ആമുഖത്തിൽ സൂചിപ്പിച്ചിട്ടുണ്ട് [2].

ആദ്യപ്രകരണമായ ആയുർവേദോല്പത്തിയും രണ്ടാമത്തെതായ പരിഭാഷാപ്രകരണവും തുടർന്ന് ജ്വരാദി വാജീകരണ പര്യന്തം ചികിത്സാപ്രകരണങ്ങളുമായി 90 പ്രകരണങ്ങളാണ് ഈ ആദ്യപതിപ്പിലുള്ളത്. എന്നാൽ ഇന്ന് ഏറെ പ്രചാരത്തിലുള്ള ചൗഖംബാ പതിപ്പ് 106 പ്രകരണങ്ങളും ആദ്യപതിപ്പിനെ അപേക്ഷിച്ച് ഇരട്ടിയിലേറെ ശ്ലോകങ്ങൾ ഉള്ളതുമാണ്. പണ്ഡിറ്റ് ബ്രഹ്മശങ്കർ മിശ്രയാണ് ഈ പതിപ്പിനെ പരിഷ്കരിച്ച് വിപുലീകരിച്ചത്. ഇതിലെ ആയുർവേദോല്പത്തി പ്രകരണത്തിന്റെ സിംഹഭാഗവും ഭാവപ്രകാശത്തിൽ നിന്നു പകർത്തിയെഴുതിയിട്ടുള്ളതാണ്. അതുപോലെ ശോധന മാരണ പ്രകരണവും പ്രക്ഷിപ്തമാണ്.

ദൽഹിയിലെ മോത്തീലാൽ ബനാറസിദാസ് പ്രസിദ്ധീകരിച്ച, ജയദേവ വിദ്യാലങ്കാരുടെ ഹിന്ദീവ്യാഖ്യാനത്തോടുകൂടിയ ഒരു പതിപ്പ് ഏറെക്കാലം പ്രചുര പ്രചാരത്തിലുണ്ടായിരുന്നു. (ഇപ്പോഴും ഇത് ലഭ്യമാണ്.)

1996-ൽ ലാഹോറിൽ നിന്നു ആദ്യമായി പ്രസിദ്ധീകരിച്ച ഈ പതിപ്പിലും പലകാലങ്ങളിലായി ഏറെകൂട്ടിച്ചേർക്കലുകൾക്ക് വിധേയമായിട്ടുള്ളതാണ്. 93 പ്രകരണങ്ങളുള്ള ഈ ഗ്രന്ഥത്തിലെ പാഠമാണ് മലയാള വ്യാഖ്യാതാക്കൾ സ്വീകരിച്ചിട്ടുള്ളത്.

അച്ചടിക്കപ്പെട്ട ആദ്യപതിപ്പിൽത്തന്നെ ഏറെ കൂട്ടിച്ചേർക്കലുകൾ ചെയ്തിട്ടുള്ളതായി പ്രസ്താവിച്ചിട്ടുള്ളതിനാൽ ഗോവിന്ദദാസന്റെ മൗലികമായ സംഭാവന എന്തായിരുന്നു എന്നു മനസ്സിലാക്കുവാൻകഴിയുന്നില്ല. അതിന് കൽക്കത്തയിലെ റോയൽ ഏഷ്യാറ്റിക് സൊസൈറ്റിയിൽ സൂക്ഷിച്ചിരുന്ന പാണ്ഡുലിപി തന്നെ പരിശോധിക്കേണ്ടിയിരിക്കുന്നു.

**ഗ്രന്ഥകർത്താവിനെ സംബന്ധിച്ച മറ്റു വിവരങ്ങൾ**

ഭൈഷജ്യരത്നാവലീ കർത്താവ് ബംഗാളിയായിരുന്നു എന്നതിലധികം വിവരങ്ങളൊന്നും ലഭ്യമല്ല. മാതാപിതാക്കളുടെ പേരുകൾ അംബികയെന്നും ചന്ദ്രചൂഡനെന്നുമായിരുന്നു എന്നൊരഭിപ്രായമുള്ളത് (പി.വി. ശർമ്മ) തർക്കവിഷയമാണ്. ആമുഖ ശ്ലോകങ്ങളിലൊന്നിൽ " വിഘ്നശാന്തിക്കായി മാതാപിതാക്കളായ അംബികാ ചന്ദ്രചൂഡന്മാരെ വന്ദിക്കുന്നു" എന്ന ശ്ലോകം ജഗത്പിതാക്കളായ പാർവതീപരമേശ്വരന്മാരെ വന്ദിക്കുന്നതാണ് എന്നഭിപ്രായമുണ്ട് [3]. എല്ലാ വ്യാഖ്യാതാക്കളും ഈ അഭിപ്രായമുള്ളവരാണ്. മാത്രമല്ല ഭൈഷജ്യരത്നാവലിയുടെ ആദ്യപതിപ്പിൽ ഈ ശ്ലോകം കാണുന്നുമില്ല. കാളിദാസന്റെ രഘുവംശത്തിലെ വന്ദനശ്ലോകത്തെ അനുകരിച്ച് പിൽക്കാലത്ത് പരിഷ്കർത്താക്കളാരോ എഴുതിച്ചേർത്തതാണ് ഇത് എന്നനുമാനിക്കാം. ആദ്യപതിപ്പിൽ കാണുന്ന ഗണപതീവന്ദനവും പിൽക്കാല പതിപ്പുകളിൽ മാറ്റിയെഴുതിയിട്ടുള്ളതായി കാണുന്നു.

ഔഷധയോഗ സമാഹാരമായതിനാൽ വൈദ്യപണ്ഡിതന്മാർക്ക് ഈ ഗ്രന്ഥം പ്രിയങ്കരമായിരിക്കില്ല എന്നും, എന്നാൽ ചികിത്സകവൃത്തിയിൽ തുടക്കക്കാരായ യുവവൈദ്യന്മാർക്ക് ഇത് പ്രയോജനപ്പെടും എന്നും സൂചിപ്പിക്കുന്ന ഒരു ശ്ലോകം ആമുഖഭാഗത്ത് ചേർത്തിട്ടുണ്ട് [4]. ആദ്യപതിപ്പിലില്ലാത്ത ഈ ശ്ലോകം നരസിംഹ കവിരാജന്റെ സിദ്ധാന്തചിന്താമണിയിലുള്ളതാണ്. ഇതും പിൽക്കാലത്ത് കൂട്ടിച്ചേർക്കപ്പെട്ടതാണ്.

**ഭൈഷജ്യരത്നാവലിയുടെ സവിശേഷതകൾ**

ആധുനിക കാലത്തുമാത്രം ആയുർവേദികളുടെ നിരീക്ഷണ പഠനങ്ങൾക്ക് വിധേയമായ പലരോഗങ്ങൾക്കുമുള്ള ചികിത്സാ നിർദ്ദേശങ്ങൾ ഭൈഷജ്യരത്നാവലിയിൽ കാണാം. ഗദോദ്വേഗം, താണ്ഡവരോഗം, ഖഞ്ജനികാ, ഉരസ്തോയം, ഔപസർഗ്ഗികമേഹം, ഓജോമേഹം, വൃക്കാമയം, ശീർഷാംബു, ക്ലോമരോഗം, മസ്തിഷ്ക രോഗം, അംശുഘാതം (സൂര്യാഘാതം) എന്നീ രോഗങ്ങൾക്കുള്ള ചികിത്സാ നിർദ്ദേശം ആദ്യപതിപ്പിൽ കാണാം. പക്ഷേ ഇവയുടെ നിദാന സമ്പ്രാപ്തി വർണ്ണനകൾ പിൽക്കാലത്ത് ബ്രഹ്മശങ്കർമിശ്ര എഴുതിച്ചേർത്തതാണ്. (മോത്തീലാൽ ബനാറസീദാസ് പതിപ്പിലും നിദാന സമ്പ്രാപ്തി വർണ്ണനകൾ കാണുന്നില്ല.) പാരദവികാരം ( mercury poisoning) ഒരു രോഗമായി പരിഗണിച്ച് അതിന്റെ ലക്ഷണങ്ങളും ചികിത്സയും നിർദ്ദേശിക്കുന്നതിന് ഒരു പ്രകരണം പ്രത്യേകമായുള്ളത് ശ്രദ്ധേയമാണ്.

ഒൻപതാം നൂറ്റാണ്ടിലെ വൃന്ദമാധവം മുതൽ പതിനേഴാം നൂറ്റാണ്ടിന്റെ അവസാനം രചിക്കപ്പെട്ട യോഗരത്നാകരം വരെയുള്ള ഗ്രന്ഥങ്ങളിൽ സ്നായുക രോഗത്തിന്റെ (Dracunculosis) നിദാനചികിത്സകൾ വിവരിച്ചിട്ടുണ്ട്. ഭൈഷജ്യരത്നാവലിയുടെ ആദ്യപതിപ്പിൽ ഈ രോഗത്തിന്റെ വിവരണമോ ചികിത്സാനിർദ്ദേശമോ കാണുന്നില്ല.

ബാലരോഗചികിത്സാധികാരത്തിന്റെ അവസാനം രാവണകൃതമായ കുമാരതന്ത്രം ഉദ്ധരിച്ചു ചേർത്തിട്ടുണ്ട്. എന്നാൽ ഇത് സമഗ്രമായ ബാലചികിത്സയല്ല. ഒന്നുമുതൽ പന്ത്രണ്ടുവരെയുള്ള ദിവസത്തിലോ മാസത്തിലോ വർഷത്തിലോ ബാലനെ ബാധിക്കുന്ന ഭൂതഗ്രഹബാധകൾ ചികിത്സിക്കുന്നതിന് ബലികർമ്മങ്ങൾ നിർദ്ദേശിക്കുന്ന ദൈവവ്യപാശ്രയ ചികിത്സാ പ്രകരണം മാത്രമാണ്.

ഔഷധ ദ്രവ്യങ്ങളുടെ ഗുണനിലവാരം നിർണ്ണയിക്കുന്നതിനായി ശ്രേഷ്ഠലക്ഷണങ്ങൾ പറയുന്ന ഒരു ഉപപ്രകരണം ഉണ്ട്. വാതവ്യാധിചികിത്സാധികാരത്തിലാണ് ഇത് ഉൾപ്പെടുത്തിയിരുന്നത്. രോഗചികിത്സയിൽ വിശേഷ ഔഷധ കൽപ്പനകൾ നിർദ്ദേശിക്കുന്നതിനു മുമ്പ് അതിന്റെ കല്പനാ സിദ്ധാന്തം

അവതരിപ്പിക്കുന്നത് ശ്രദ്ധേയമാണ്. പക്ഷേ ഇതിൽ പലതും പ്രക്ഷിപ്തം. പത്ഥ്യാപത്ഥ്യ നിർദ്ദേശങ്ങൾ ഭാവപ്രകാശത്തിന്റെയും യോഗ രത്നാകരത്തിന്റെയും അനുകരമാണെങ്കിലും പുതിയ കൂട്ടിച്ചേർക്കലുകളുണ്ട്.

<u>**ഭാഷാ പ്രയോഗങ്ങളും കാവ്യഭംഗിയും**</u>

ഔഷധ യോഗ സമാഹാരമായ ഭൈഷജ്യരത്നാവലിയിൽ കാവ്യഭംഗിയുള്ള ശ്ലോകങ്ങൾ തീരെയില്ല എന്നുപറയാം. ഒരു പാഠ്യഗ്രന്ഥമായല്ല, ഒരു റഫറൻസ് ഗ്രന്ഥമായാണ് ഭൈഷജ്യ രത്നാവലി എഴുതപ്പെട്ടത് എന്നത് ഇതിനു കാരണമായിരിക്കാം. എന്നാൽ ജ്വരചികിത്സാ പ്രകരണത്തിൽ 'വസന്തതിലകം' [5] വൃത്തത്തിലുള്ള ഏതാനും ശ്ലോകങ്ങളും, 'തോടക' [6] വൃത്തത്തിലുള്ള ഒരു ശ്ലോകവുമുണ്ട്.

കൂടാതെ ഇതേ പ്രകരണത്തിൽത്തന്നെ സ്വേദവിധാനം സംഗ്രഹിച്ചു പറയുന്ന ശ്ലോകം ഉപജാതി[7] വൃത്തത്തിലുള്ളതുമാണ്.

ക്ഷീരപാകവിധി പറയുമ്പോൾ

*ദ്രവ്യാദഷ്ടഗുണം ക്ഷീരം, തോയം ക്ഷീരാദ് ചതുർഗുണം*
*ക്ഷീരാവശിഷ്ടം കർത്തവ്യം...........*

കുറെയൊക്കെ പ്രക്ഷിപ്തമാണ്. കാരണം ഭാവപ്രകാശത്തിൽ നിന്നൊക്കെയുള്ളത് എടുത്തിട്ടുണ്ടെങ്കിലും ചില കാര്യങ്ങൾ വ്യക്തമായിട്ട് അവയുടെ സിദ്ധാന്തം കൂടി അവതരിപ്പിയ്ക്കുന്നുണ്ട്. പത്ഥ്യാപത്ഥ്യങ്ങൾ യോഗരത്നാകരത്തിലും ഭാവപ്രകാശത്തിലും ഏറെയുണ്ടെങ്കിലും ഭൈഷജ്യരത്നാവലിയിൽ കൂടുതലായിട്ട് അതിന്റേതായ പരിഷ്കർത്താക്കൾ വളരെയേറെ ചേർത്തിട്ടുണ്ട്. ഇങ്ങനെ നോക്കിയാൽ ഒരു ഔഷധ യോഗസമാഹാരത്തിന്റെ ലക്ഷണമായിരുന്നു. ആദ്യത്തെ പതിപ്പിനുണ്ടായിരുന്നത്. അത് വൈദ്യപണ്ഡിതന്മാർക്ക് അത്ര സ്വീകാര്യമാവുകയില്ല എന്നും ചെറുപ്പക്കാർക്ക് നന്നായിരിയ്ക്കും എന്നും പറയുന്ന ഒരു രീതി ഇതിനകത്ത് സൂചിപ്പിച്ചിട്ടുണ്ട്. ഇതിന് നമ്മുടെ സഹസ്രയോഗത്തിന്റെ സ്വഭാവം തന്നെയാണെന്നാണെനിയ്ക്ക് തോന്നുന്നത്. കാരണം സഹസ്രയോഗം ചെറുപ്പക്കാർക്ക് ചികിത്സാവൃത്തിയിൽ ആദ്യകാലത്ത് ഉപയോഗിയ്ക്കാൻ വേണ്ടി പറഞ്ഞിരുന്നതാണ്. സഹസ്രയോഗം മാത്രം പഠിച്ചുപയോഗിയ്ക്കുന്ന സഹസ്രയോഗവൈദ്യൻ പരിഹാസപാത്രമായി വിശേഷിപ്പിയ്ക്കുമായിരുന്നു. സഹസ്രയോഗ വൈദ്യൻ എന്നതിനെ ചുരുക്കി 'യോഗി' എന്നു തന്നെ പറയുന്ന സമ്പ്രദായം ഉണ്ട്. യോഗിവൈദ്യൻ എന്ന് പരിഹാസമായി പറഞ്ഞുകഴിഞ്ഞാൽ സഹസ്രയോഗം മാത്രം പഠിച്ച വൈദ്യൻ എന്നാണ്. അതു സുന്ദരീസക്തരാകണം എന്നൊരു ചൊല്ലുണ്ടായിരുന്നു. സുന്ദരീസക്തനെന്നാൽ സ്ത്രീയിലാസക്തി ഉണ്ടാവണമെന്നല്ലർത്ഥം, സർവ്വാംഗംസുന്ദരി അതായത് അഷ്ടാംഗഹൃദയത്തിന്റെ അരുണദത്തനെഴുതിയ സർവ്വാംഗസുന്ദരി എന്ന വ്യാഖ്യാനമാണ്. അഷ്ടാംഗഹൃദയത്തിന്റെ സൂക്ഷ്മാർത്ഥത്തിൽ ഉത്തരോത്തരം ആസക്തരാവുക എന്നതാണതുകൊണ്ടുദ്ദേശിയ്ക്കുന്നത്. അഷ്ടാംഗഹൃദയത്തിന്റെ സൂക്ഷ്മാർത്ഥത്തിൽ ഉത്തരോത്തരം ആസക്തനായിത്തീർന്ന ഒരു യുവവൈദ്യനെ സംബന്ധിച്ചിടത്തോളം സഹസ്രയോഗം വളരെപ്പെട്ടന്നു തന്നെ അപ്രസക്തമായിത്തീരും. കാരണം യോഗങ്ങൾക്ക് പ്രസക്തിയില്ല.

*"ഉദാഹരണ മാത്രം തു ബുദ്ധിമതാം*
*യഥോക്താനുശാസനേന ശസ്യതേ മന്ദബുദ്ധ്യേന"*.............

എന്നാണു പറയുക. അതുകൊണ്ട് തത്വമറിയുന്ന വൈദ്യന്മാർക്ക് യോഗങ്ങളല്ല പ്രധാനം സിദ്ധാന്തമാണ്. ദ്രവ്യഗുണത്തിൽ നിന്ന് സ്വന്തമായ ചികിത്സരൂപപ്പെടുത്താൻ പറ്റുമായിരുന്നു. എന്തായാലും ഭൈഷജ്യരത്നാവലി ചെറുപ്പക്കാരെ ഉദ്ദേശിച്ചാണ് എഴുതപ്പെട്ടത് എന്നൊരു വിശ്വാസമുണ്ട്.

<u>**ചരിത്രപരമായ സവിശേഷത**</u>

ചരിത്രപരമായ സിവശേഷതകളെപ്പറ്റിയൊന്നു സൂചിപ്പിയ്ക്കേണ്ടിയിരിയ്ക്കുന്നു. കാരണം ഭൈഷജ്യരത്നാവലി എഴുതപ്പെട്ട 18-ാം നൂറ്റാണ്ടും അതിനു ശേഷമുള്ള 19-ാം നൂറ്റാണ്ടും വളരെ സവിശേഷമായ ശ്രദ്ധയർഹിയ്ക്കുന്നതാണ്.

ലഘുത്രയികൾക്കു ശേഷമുണ്ടായ സമാഹാരഗ്രന്ഥങ്ങളിലൊന്നാണ് 18-ാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട ഭൈഷജ്യരത്നാവലി സംഹിതകളിൽ നിന്നു മാത്രമല്ല വൃന്ദമാധവം ( 9-ാം നൂറ്റാണ്ട് ), ശാർങ്ഗധര സംഹിത, ഭാവപ്രകാശം എന്നിങ്ങനെ പതിനേഴാം നൂററാണ്ടിന്റെ അവസാനം രചിക്കപ്പെട്ട യോഗരത്നാകരത്തിൽ നിന്നുവരെയുള്ള ഔഷധയോഗങ്ങൾ ഇതിൽ സമാഹരിക്കപ്പെട്ടിരിക്കുന്നു. (യോഗരത്നാകരവും ഒരു സമാഹാര ഗ്രന്ഥമാണ്. അച്ചടിച്ച ഗ്രന്ഥങ്ങൾ പ്രചാരത്തിലില്ലാതിരുന്ന കാലത്ത് ഏറ്റവും ഫലപ്രദമായ അനുഭൂത ഔഷധയോഗങ്ങൾ മാത്രം എഴുതി സൂക്ഷിക്കുവാനുള്ള ഒരു ശ്രമമായി ഭൈഷജ്യ രത്നാവലിയെക്കാണാം.

രസൗഷധങ്ങളെ പ്രധാനമായി സംഗ്രഹിച്ചിരിക്കുന്നത് ക്ഷിപ്രഫലദായകങ്ങളായ ഔഷധങ്ങളോടുള്ള ആഭിമുഖ്യമാണ് സൂചിപ്പിക്കുന്നത്. കോളറ, വസൂരി, മലേറിയ തുടങ്ങിയപകർച്ചവ്യാധികൾ വർഷംതോറും ആയിരക്കണക്കിനു മനുഷ്യജീവനുകൾ അപഹരിച്ചിരുന്നകാലത്ത് ക്ഷിപ്രഫലദായകങ്ങളായ രസൗഷധങ്ങൾ ക്കുവേണ്ടിയുള്ള അന്വേഷണം സ്വാഭാവികമാണ്. (താരാശങ്കർ ബാനർജിയുടെ 'ആരോഗ്യനികേതനം' എന്ന നോവലിൽ ബംഗാളിലെ ആരോഗ്യസ്ഥിതി വ്യക്തമാക്കുന്നുണ്ട്.) കൂടാതെ, പാശ്ചാത്യവൈദ്യസമ്പ്രദായ ഇന്ത്യയിൽ വേരുറപ്പിച്ചുതുടങ്ങുന്നതും മിക്കവാറും 18-ാം നൂറ്റാണ്ടിലാണ് എന്നതും ശ്രദ്ധേയമാണ്. ബംഗാളിലെ രോഗാതുരത നിറഞ്ഞ ആരോഗ്യമേഖലയിൽ പാശ്ചാത്യവൈദ്യം ശ്രദ്ധിക്കപ്പെട്ടുതുടങ്ങിയപ്പോൾ ഭാരതീയവൈദ്യസമ്പ്രദായത്തിന്റെ സാധ്യതകളെ ഉയർത്തിക്കാട്ടുവാനുള്ള ശ്രമത്തിന്റെ ഭാഗമായും ഭൈഷജ്യരത്നാവലിയെ കാണാം. അതിസാരം, വിഷൂചിക, മസൂരിക, രോമാന്തികജ്വരം എന്നിവയുടെ വിശദമായ ചികിത്സകളും, അഹിഫേനാസവം, കർപ്പൂരാസവം എന്നിങ്ങനെ ഫലപ്രദമായ ഔഷധങ്ങൾ വികസിപ്പിച്ചെടുത്തിട്ടുള്ളതും ശ്രദ്ധിക്കുക.

ഭൈഷജ്യരത്നാവലിയിൽ അവതരിപ്പിക്കുന്ന നവ്യരോഗങ്ങൾ മിക്കവാറും തന്നെ 18-ാം നൂറ്റാണ്ടിലോ അതിനുമുമ്പുതന്നെയോ പാശ്ചാത്യവൈദ്യസമ്പ്രദായത്തിന്റെ നിരീക്ഷണപഠനങ്ങൾക്ക് വിധേയമായിട്ടുള്ളതാണെന്ന് ശാസ്ത്രചരിത്രം പരിശോധിച്ചാൽ മനസ്സിലാകും. പാശ്ചാത്യവൈദ്യത്തിന്റെ പ്രചാരത്തോടെ ഈ രോഗങ്ങൾക്കുള്ള ആയുർവേദചികിത്സ അവതരിപ്പിക്കേണ്ട ഉത്തരവാദിത്വമുണ്ടായി. അതുനിറവേറ്റുവാനുള്ള ശ്രമത്തിന്റെ ഭാഗമായി ഭൈഷജ്യരത്നാവലിയെ കാണാം. (ഇന്ത്യയിൽ ആദ്യത്തെ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നത് 1835 ൽ കൽക്കത്തയിലാണ് എന്നോർക്കുക.)

നവ്യരോഗങ്ങളുടെ ചികിത്സാനിർദ്ദേശം പ്രതിസംസ്കർത്താവായ വിനോദ്ലാൽ സെന്നിന്റെ സംഭാവനയാണോ എന്നും സംശയിക്കാം. എങ്കിൽപ്പോലും അത് ചരിത്രപരമായ ഉത്തരവാദിത്തത്തിന്റെ നിറവേറ്റലായി കാണാവുന്നതാണ്.

<u>വ്യാഖ്യാതാക്കൾ</u>

1. കവിരാജ് വിനോദ് ലാൽ സെൻ – 'വിനോദിനി' എന്ന സംസ്കൃതവ്യാഖ്യാനം (1893)
2. ജയദേവ വിദ്യാലങ്കാർ – 'ചന്ദ്രപ്രഭാ' എന്ന ഹിന്ദീവ്യാഖ്യാനം (126 ൽ ആദ്യപതിപ്പ് ലാഹോറിൽ നിന്നു പ്രസിദ്ധീകരിച്ചു.)

   പ്രസാധകർ – മോത്തീലാൽ ബനാറസീദാസ്
3. കവിരാജ് നരേന്ദ്രനാഥ ശാസ്ത്രി – 'രത്നോജ്ജ്വലാ' എന്ന സംസ്കൃതവ്യാഖ്യാനം (1930ൽ ലാഹോറിൽ നിന്ന് ആദ്യപതിപ്പ് പ്രസിദ്ധീകരിച്ചു – മോത്തീലാൽ ബനാറസീദാസ്)
4. അംബികാദത്തശാസ്ത്രി – 'വിദ്യോതിനീ' ഹിന്ദി ടീകാ (ചൗഖംബാ, വാരാണസി) 1964

<u>മലയാള വ്യാഖ്യാനങ്ങൾ</u>

5. താമരക്കുളം കൊച്ചുശങ്കരൻ വൈദ്യൻ - 'ശാണഘർഷണം' എന്ന വ്യാഖ്യാനം
6. എടക്കാട്ട് നാരായണൻ വൈദ്യരുടെ മലയാള വ്യാഖ്യാനം (1997, 2002)
7. പരവൂർ കേശവനാശാൻ ഒരു അപൂർണ്ണ വ്യാഖ്യാനം രചിച്ചിട്ടുണ്ട്.

## പ്രസിദ്ധിക്കും പ്രചാരത്തിനും കാരണം

യുവവൈദ്യന്മാർക്ക് കൂടുതൽ പ്രയോജനപ്രദമായ രീതിയിൽ ക്ഷിപ്രഫലപ്രദങ്ങളായ ഔഷധയോഗങ്ങൾ സമാഹരിക്കുകയും വ്യാഖ്യാനങ്ങളിലൂടെ ഔഷധനിർമ്മാണത്തിന് ഏറ്റവും സഹായകമായ രീതിയിൽ ഘടകദ്രവ്യങ്ങളുടെ അളവുകളും നിർമ്മാണ വിധികളും വിശദീകരിക്കുകയും ചെയ്തത് ഏറെ പ്രചാരത്തിന് കാരണമായി.

പുതിയതായി പഠനവിധേയമാക്കപ്പെട്ട രോഗങ്ങളുടെ ചികിത്സ നിർദ്ദേശിച്ചിട്ടുള്ളത് ഏറെ പ്രസിദ്ധിക്കുകാരണമായി. (കേരളത്തിൽ സമീപകാലത്ത് കെ. കുഞ്ഞിരാമൻ വൈദ്യരുടെ "ആധുനികരോഗഭൈഷജ്യം" (1983) എന്ന ഗ്രന്ഥം ഏറെ പ്രസിദ്ധി നേടിയത് ഓർമ്മിക്കുക) 1902-ൽ വൈദ്യരത്നം പി.എസ്. വാര്യർ കോട്ടയ്ക്കൽ ആര്യവൈദ്യശാല സ്ഥാപിക്കുകയും ഭൈഷജ്യരത്നാവലിയിലെ ഫലപ്രദമായ പല ഔഷധങ്ങളും നിർമ്മിച്ച് വിപണിയിലിറക്കുകയും ചെയ്തു. ചികിത്സാസംഗ്രഹം എന്ന ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയ ഈ ഔഷധയോഗങ്ങൾ കേരളീയ വൈദ്യസമൂഹത്തിൽ ഏറെ പ്രചാരം നേടി. പിൽക്കാലത്ത് പുതിയ 'സഹസ്രയോഗങ്ങളിലും' ഈ ഔഷധയോഗങ്ങൾ സ്ഥാനംപിടിച്ചു.

ദേശീയതലത്തിൽ ഔഷധനിർമ്മാണത്തിന് നിയമങ്ങൾ ഉണ്ടാവുകയും (Drugs and Cosmetics act-1942) ദേശീയ ഔഷധപട്ടികയിൽ ഭൈഷജ്യരത്നാവലിക്ക് ഒരു പ്രമുഖസ്ഥാനം ലഭിക്കുകയും ചെയ്തതും ഏറെ പ്രസിദ്ധിക്കും പ്രചാരത്തിനും കാരണമായി.

എന്നാൽ കേരളത്തിൽ സമ്പന്നമായ ചികിത്സാസമ്പ്രദായങ്ങൾ ഉണ്ടായിരുന്നതിനാലും, ഭൈഷജ്യരത്നാവലിയിലെ യോഗങ്ങളെ സഹസ്രയോഗം സ്വാംശീകരിച്ചതിനാലും ഭൈഷജ്യരത്നാവലിയുടെ മൂലരൂപത്തിന് കാര്യമായ പ്രചാരമുണ്ടായില്ല. ഔഷധങ്ങളുടെ കാര്യത്തിൽ കേരളീയർക്ക് സിദ്ധസമ്പ്രദായത്തോടായിരുന്നു താല്പര്യം. ഔഷധനിർമ്മാണനിയമങ്ങളും, പാഠ്യപദ്ധതിയിൽ ഭൈഷജ്യരത്നാവലി റഫറൻസ് ഗ്രന്ഥമായി ഉൾപ്പെടുത്തിയതും കേരളത്തിൽ കുറെയൊക്കെ പ്രചാരമുണ്ടാകുവാൻ കാരണമായി.

## സൂചനകൾ

1. *ഗോവിന്ദദാസം ഭിഷജാം മുഖ്യം വിദ്വത് കുലോത്തമം*
   *നത്വാ തേനകൃതം ഗ്രന്ഥമവലംബ്യ വിശേഷതഃ*
   *അന്യാന്യപിച തന്ത്രാണി പൂർവ്വാചാര്യൈഃ കൃതാനിച*
   *സാരം തേഭ്യഃ സമാകൃഷ്യ സംഗ്രഹോയ നിബധ്യതേ*
   *പരമ്പരോദിതാനാഞ്ച ബഹുശോ ദൃഷ്ടകർമ്മണാം.*
   *ആവിഷ്കൃതാനാഞ്ചാസ്മാഭിഃ പ്രത്യക്ഷഫലദായിനാം*
   *പ്രയോഗോഽഗദസംഘാനാം കീർത്തിതോഽസ്മിൻ നിബന്ധനേ*

2. പി.വി. ശർമ്മ - ആയുർവേദ് കാ വൈജ്ഞാനിക് ഇതിഹാസ്

3. *വന്ദേഽംബികാ ചന്ദ്രചൂഡൗ ജനനീജനകാവുഭൗ*
   *നിപത്യധരണൗ ഭക്ത്യാ പ്രത്യൂഹവ്യൂഹശാന്തയേ*

4. *യദി പ്രിയതമാ നസ്യാത് ബുധാനാം ഭിഷജാമിയം*
   *തദാപി നഖ്യാനവ്യാനാമാനുകൂല്യം വിധാസ്യതി*

5. *ശ്രീഘ്രം വിപാകമുപയാതി ബലം ന ഹിംസ്യാ -*
   *ദന്നാവൃതം ന ച മൂഹൂർവദനാന്നിരേതി,*
   *പ്രാഗ്ഭൂത സേവിതമഥൗഷധമേതദേവ*
   *ദദ്യാച്ച വൃദ്ധശിശുഭീരു വരാംഗനാഭ്യഃ*

6. ഘനചന്ദനാദി കഷായം (വലാസപിത്തജ്വരം)
*ഘനചന്ദനപർപ്പടകം കടുകം*
*സമൃണാള പടോല ദളം സജലം*
*ശിശിരം ച സിതായുതമുൽക്വഥിതം*
*ജ്വരഛർദ്ദി തൃഷാരുചി ദാഹഹരം*

7. *ആമജ്വരേവാതവലാസജേ വാ*
*കഫോത്ഥിതേ മാരുതസംഭവേ വാ*
*ത്രിദോഷജേ സ്വേദമുദാഹരന്തി*
*സ്തംഭപ്രമോഹാംഗരുജാ പ്രശാന്ത്യൈഃ*